# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : 6734

12.07.2012-ൽ
മറുപടിക്ക്.

### എമർജിംഗ് കേരളയിൽ അവതരിപ്പിക്കുന്ന പ്രോജക്ടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. റ്റി.എൻ.പ്രതാപൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ)സെപ്റ്റംബറിൽ നടക്കുന്ന എമർജിംഗ് കേരളയിൽ എത്ര പ്രോജക്ടുകളാണ് അവതരിപ്പിക്കാൻ തയ്യാറായിട്ടുള്ളത് വിശദമാക്കുമോ; | (എ) സെപ്റ്റംബറിൽ നടക്കുന്ന എമെർജിങ്ങ് കേരളയിൽ അവതരിപ്പിക്കുവാൻ ഇതുവരെ ഏകദേശം 150 പ്രോജക്ടുകൾ തയ്യാറായിട്ടുണ്ട്. കൂടുതൽ പദ്ധതികൾ തയ്യാറായി വരുന്നു. |
| (ബി) ഇങ്ങനെ അവതരിപ്പിക്കുന്ന പ്രോജക്ടുകൾ ഏതെല്ലാം മേഖലയിലുള്ളവയാണ്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) വിവിധ മേഖലകളിൽ നിന്നുമുള്ള പ്രോജക്ടുകളാണ് എമെർജിങ്ങ് കേരളയിൽ അവതരിപ്പിക്കുന്നത്. ടൂറിസം, ഹെൽത്ത് കെയർസർവ്വീസസ്, MSME സെക്ടറുകളിലെ പ്രോജക്ടുകൾ, ഫുഡ് & ആഗ്രോ പ്രോസസിങ്ങ്, ഇലക്ട്രോണിക്സ്, വിദ്യഭ്യാസ മേഖല, ഗ്രീൻ എനർജി, ബയോടെക്നോളജി, നാനോ ടെക്നോളജി, ഇൻഫോടെയിൻമെന്റ്, ലോജിസ്റ്റിക്സ്, പെട്രോകെമിക്കൽസ്, ഗ്യാസ് അടിസ്ഥാനമാക്കിയ വ്യവസായങ്ങൾ, എക്സലൻസ് കേന്ദ്രങ്ങൾ, ഇൻഫ്രാസ്ട്രക്ചർ ഡവലപ്പമെന്റ് (അർബൻ വിഭാഗം ഉൾപ്പെടെ) തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുമാണ് പ്രോജക്ടുകൾ അവതരിപ്പിക്കുന്നത്. |
| (സി) സർക്കാർ ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകളും ഇതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (സി) സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ